കാര്യത്തിന് ഇതുകൊണ്ട് അപകടമൊന്നും വരികയില്ലെന്നതാണ് ഇപ്പോഴത്തെ അഭിപായം. ഈ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ ഒന്നുകൂടി പരിശോധിച്ച് വന്യജീവികളുടെ സംരക്ഷണത്തിനും വനങ്ങളുടെ സംരക്ഷണത്തിനും പരിസ്ഥിതിയുടെ സംരക്ഷണത്തിനും ഉറപ്പു വരുത്തുവിധത്തിൽ ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കുന്നതാണ് എന്ന് അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: സർ, അത് ശരിയല്ല. അവിടെ വയ്ക്കുന്നത് യൂക്കാലിപ്റ്റസും അക്കേഷ്യയും മാത്രമാണ്. അതുവച്ചാൽ വന്യജീവി മാത്രമല്ല, പുല്ലും പോകും മണ്ണും പോകും. അതുകൊണ്ട് അതുമുഴുവൻ സമ്പ്രമായിട്ട്, അടിമുടി പുനഃപരിശോധിക്കണം. ഫോറസ്റ്റുകാരുടെ അനുവാദം കൂടാതെയാണ് സോഷ്യൽ ഫോറസ്ട്രിക്കാർ അവിടെ ഇതെല്ലാം ചെയ്യുന്നത്. 200 ഏക്കർ അല്ല 200 ജോലിക്കാരെ വച്ച് ഒരുമാസമായി അവിടെ പണിചെയ്യുകയാണ്. അതുകൊണ്ട് ഇത് അടിമുടി പരിശോധിച്ചുകൊണ്ട് ഇത് നിർത്തിവയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. കെ. പി. നൂറുദ്ദീൻ: സർ, ഞാൻ നേരത്തേ പറഞ്ഞു 110 ഹെക്ടർ ഒരു സ്ഥലത്തും 100 ഹെക്ടർ വേറൊരു സ്ഥലത്തും വനവൽക്കരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. യൂക്കാലിപ്റ്റസ് വച്ചാൽ അപകടമുണ്ടോ ഇല്ലയോ എന്നുള്ള പ്രശ്നം ഇന്ത്യാരാജ്യത്തുള്ള ശാസ്ത്രജ്ഞൻമാർക്കിടയിൽ, ലോകമെമ്പാടുമുള്ള ശാസ്ത്രജ്ഞൻമാർക്കിടയിൽ ചർച്ച നടന്നുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. അത് ഇപ്പോൾ നമ്മൾ തർക്കിച്ചിട്ട് കാര്യമില്ല. എന്തായിരുന്നാലും ഈ പ്രദേശത്ത് യൂക്കാലിപ്റ്റസ് വയ്ക്കുന്നില്ല എന്നുള്ളതാണ് ഗവൺമെൻറിന് കിട്ടിയ വിവരം. അത് ഒന്നുകൂടി ഞാൻ പരിശോധിക്കാം.

(2) വെളിച്ചെണ്ണയുടെയും റബ്ബറിന്റെയും ഇറക്കുമതി

ശ്രീ. വി. വി. ജോസഫ്: സർ, കേരളത്തിലെ കൃഷിക്കാരുടേയും അതുവഴി ഈ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടേയും നട്ടെല്ലൊടിക്കുന്ന കേന്ദ്ര ഗവൺമെൻറിന്റെ ഇറക്കുമതി നയം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ വർഷം നാളികേരത്തിന്റെ വിലയിടിഞ്ഞ് നാളികേരം വാങ്ങാൻതന്നെ ആളില്ലാത്ത സാഹചര്യം ഉണ്ടായിരുന്നു. നമ്മൾ പല നടപടികളും സ്വീകരിച്ചു. മാർക്കറ്റിംഗ് ഫെഡറേഷൻ നാളികേരവും കൊപ്രയും വാങ്ങി കോടിക്കണക്കിനു രൂപയുടെ നഷ്ടം വരുത്തിവച്ചു. ഈ സാഹചര്യത്തിൽ കേന്ദ്ര ഗവൺമെൻറ് വെളിച്ചെണ്ണ ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്നതായി കേന്ദ്രമന്ത്രി ശ്രീ. യോഗേന്ദ്ര മകാന കഴിഞ്ഞ പാർലമെൻറ് സമ്മേളനത്തിൽ പറയുകയുണ്ടായി. സർ, ഇന്നുതന്നെ വെളിച്ചെണ്ണയ്ക്ക് 40 രൂപ കുറഞ്ഞിരിക്കുന്നു. ഒന്നര രൂപയാണ് ഇപ്പോൾ ഒരു നാളികേരത്തിന് കിട്ടുന്നത്. അങ്ങനെ, വിലയിടിവിന്റെ നീരാളിപ്പിടുത്തത്തിൽപ്പെട്ട് കേരളത്തിലെ കേരകർഷകർ വേദനിക്കുമ്പോൾ ക്ഷ്യ എണ്ണ എന്ന പേരുപറഞ്ഞ് നമ്മുടെ സോപ്പു നിർമ്മാതാക്കൾ വൻതോതിൽ വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നത് വളരെ ക്രൂരമായിപ്പോയി.

LIBRARY ARCHIVES Kerala Legislative Assembly

സർ, റബ്ബറിന്റെ കാര്യത്തിൽ ആഗസ്റ്റിനു മുമ്പ് 36000 ടൺ റബ്ബർ ഇറക്കുമതിചെയ്യാൻ എസ്. റ്റി. സി. വിദേശക
10 A. M. രാറുണ്ടാക്കിയിരിക്കുകയാണ്. ഇത് റബ്ബർ ബോർഡ് മെമ്പറും കർഷക കോൺഗ്രസ്സിന്റെ ജനറൽസെക്രട്ടറിയുമായ ശ്രീമാൻ ജോസഫ് മോനപ്പള്ളി ഔദ്യോഗികമായി പ്രസ്താവിച്ചതാണ്. റബറിന്റെ വില കർഷകന് നഷ്ടമുണ്ടാകുന്ന രീതിയിൽ ഇടിഞ്ഞിരിക്കുകയാണ്. 1984-85-ൽ 32408 ടണ്ണാണ് ഇറക്കുമതി ചെയ്തത്. 1985-86-ൽ 36000 ടൺ ഇറക്കുമതിചെയ്തു. ഈ വർഷം 20000 ടൺ ഇറക്കുമതി ചെയ്തു കഴിഞ്ഞിരിക്കുകയാണ്. അതിനുപുറമെയാണ് 36,000 ടണ്ണിനും കൂടി വിദേശക്കരാറുണ്ടാക്കിയിരിക്കുന്നത്. 56,000 ടൺ ഈ വർഷം ഇറക്കുമതി ചെയ്യുകയാണ്. ഇത് കഴിഞ്ഞ വർഷത്തേക്കാൾ 20,000 ടൺകൂടുതലാണ്. അതിൽ 20,000 ടൺ ഇറക്കുമതി ചെയ്തുകഴിഞ്ഞു, 36,000 ടൺ ഇറക്കുമതിചെയ്യാൻ കരാറുണ്ടാക്കിയിരിക്കുകയാണ്. ഈ ഒരുകൊല്ലത്തെ കമ്മി 27,000 ടണ്ണാണെന്നാണ് കണക്കാക്കിയിരിക്കുന്നത്. ആ സ്ഥാനത്ത് 56,000 ടൺ ഇറക്കുമതി ചെയ്യുന്നു എന്നു പറയുമ്പോൾ വില ഭയാനകമായി ഇടിയാൻ സാഹചര്യമുണ്ടായിരിക്കുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. 1977-78, 1979-80 കാലഘട്ടത്തിൽ വച്ച റബ്ബർ വെട്ടാറായിരിക്കുന്നു. റബ്ബറിന്റെ ഉൽപ്പാദനം ഉദ്ദേശിച്ചതിലും കൂടുതലുണ്ടായിരിക്കുന്നു. കടുത്ത പഞ്ഞമാസങ്ങളിലെങ്കിലും ഇറക്കുമതി ചെയ്ത റബ്ബർ കമ്പോളത്തിലിറക്കരുത്. ഇന്ന് റബ്ബറിന്റെ വില 1,580 രൂപയാണ്. മഴ പെയ്ത് റബ്ബറുൽപ്പാദനം ഇല്ലാതിരിക്കുന്ന സമയമാണിത്. മഴ കഴിഞ്ഞ് റബ്ബർ വെട്ടുന്ന സീസണാകുമ്പോൾ വില ഇനിയും ഇടിയും. എസ്. റ്റി. സി. കരാറുണ്ടാക്കിയിരിക്കുന്ന 36,000 ടൺ കൂടി കമ്പോളത്തിലിറക്കുമ്പോഴേക്കും റബ്ബറിന്റെ വില ഭയാനകമായി ഇടിയുന്ന സാഹചര്യമുണ്ടാകും. റബ്ബറിന്റെ വില ഒരു കിലോക്ക് ഒരു രൂപ കുറഞ്ഞാൽ കേരളത്തിൽ വരുന്ന നഷ്ടം ആയിരം കോടി രൂപയുടേതാണ്. ഈ കാര്യം ഗവൺമെന്റ് അടിയന്തിരമായി പരിഗണിക്കണം.

നാളികേര വിലയിടിവ് പരിഹരിക്കാൻ നമ്മൾ തീവ്ര യത്നം നടത്തുമ്പോൾ ഭക്ഷ്യയെണ്ണ എന്ന പേരുപറഞ്ഞ് സോപ്പു നിർമ്മാതാക്കൾ വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നു എന്ന് കേന്ദ്ര മന്ത്രിതന്നെ പാർലമെന്റിൽ പ്രസ്താവിച്ചു. ആ ഇറക്കുമതി പരിപൂർണ്ണമായി നിറുത്തലാക്കണം. അതുപോലെ റബ്ബറിന്റെ ഉൽപ്പാദനം കൂടുകയാണ്. അതുകൊണ്ട് കഴിഞ്ഞവർഷത്തേക്കാളും 20,000 ടൺ കൂടുതൽ ഇറക്കുമതി ചെയ്യുന്ന നടപടി വളരെ ക്രൂരമാണ്. ഇത് മനസ്സിലാക്കി കേരളത്തിന്റെ സമ്പദ്ഘടനയെത്തന്നെ ബാധിക്കുന്ന ഒരു പ്രശ്നമാണെന്നു മനസ്സിലാക്കിക്കൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി നയം തിരുത്തുവാൻ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാവണമെന്ന് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, നാളികേര വിലയെ സംബന്ധിച്ചിടത്തോളം 1985 വളരെ ഉൽക്കണ്ഠ നിറഞ്ഞ വർഷമായിരുന്നുവെങ്കിൽ 1986 നമുക്ക് അൽപം ആശ്വാസം നൽകുന്ന ഒരു വർഷമാണ്. ഈ ആശ്വാസം നമുക്കുണ്ടാകാൻ ഇടയായത് ഈ ഗവൺമെന്റ് സ്വീകരിച്ച വളരെ ഫലപ്രദമായ സത്വര നടപടികൾ കൊണ്ടാണ്. നാളികേരത്തിനേറെയും കൊപ്രയുടേയും വില വളരെ കീഴ്പോട്ടുപോയ അവസരത്തിൽ കർഷകരെ സഹായിക്കുന്നതിനു വേണ്ടിയാണ് മാർക്കറ്റിംഗ് ഫെഡറേഷൻ മുഖേന 1,200 രൂപക്ക് കൊപ്ര

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങാൻ തീരുമാനിച്ചത്. ആ സംരംഭത്തിന്റെ ഫലമായി ആദ്യ കാലങ്ങളിൽ അൽപം ആശ്വാസമുണ്ടായിയെങ്കിലും പിന്നീട് അതിന്റെ സ്ഥിതി പുറകോട്ടു പോയ അവസരത്തിലാണ് കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട്, കേന്ദ്രഗവൺമെന്റിനെകൂടി ഇടപെടുവിച്ചു കൊണ്ട് നാഫഡ് കൊപ്ര വാങ്ങാനാരംഭിച്ചത്. ഏതാണ്ട് 23000 ടണ്ണോളം രണ്ടു കൂട്ടരുംകൂടി വാങ്ങിച്ചതായിട്ടാണ് വിവരം കിട്ടിയിട്ടുള്ളത്. ഇതോടൊപ്പംതന്നെ കൊപ്ര വാങ്ങുന്നതുകൊണ്ടുമാത്രം കൊപ്രയുടെ വില കൂടൻ സാദ്ധ്യതയില്ലാത്ത സാഹചര്യം വന്നപ്പോഴാ അതിന്റെ കാരണങ്ങളെക്കുറിച്ചന്വേഷിച്ചു. അപ്പോഴാണ് നമ്മുടെ സംസ്ഥാനത്ത് വെളിച്ചെണ്ണ ഉപയോഗിച്ചുകൊണ്ടിരുന്ന സ്ഥാനത്ത് 60 ശതമാനത്തോളം പാം ഓയിൽ ഉപയോഗിക്കുന്നതായി മനസ്സിലാക്കാൻ സാധിച്ചത്. ആ അവസരത്തിൽ പാം ഓയിൽ വിതരണം ചെയ്താൽ വെളിച്ചെണ്ണയുടെ വില കൂടൻ സാധ്യതയില്ല എന്നുള്ളതുകൊണ്ടും വെളിച്ചെണ്ണയുടെ വില കൂടാത്തിടത്തോളംകാലം കൊപ്രയുടെ വില വർദ്ധിക്കുകയില്ല എന്നുള്ളതുകൊണ്ടും അൽപം ബുദ്ധിമുട്ട് സഹിച്ചാലും തരക്കേടില്ലെന്നു കരുതി പാം ഓയിലിന്റെ വിതരണം പൂർണ്ണമായും നിറുത്തൽ ചെയ്തു. എന്നിട്ട് വെളിച്ചെണ്ണ ഒരു ലിറ്ററിന് ഏതാണ്ട് നാലഞ്ചു രൂപയോളം കുറവുചെയ്തു വിതരണം ചെയ്തു തുടങ്ങിയതോടുകൂടിയാണ്, നാളികേരത്തിന്റെ വില വർദ്ധിച്ചത്. ഇപ്പോഴും നമുക്ക് ഒരാശ്വാസം കിട്ടിയിട്ടുണ്ട്. പക്ഷേ എല്ലാം തൃപ്തിയായി എന്നു പറയാൻ നിവൃത്തിയില്ല. ഒരു നല്ല സൂചനയുള്ളത് സാധാരണ ജനുവരി ഫെബ്രുവരി മാസങ്ങളാ വില ഏറ്റവും കുറയാറുള്ള മാസങ്ങളാണ്. എന്നാൽ ഈ വർഷം വില കൂടിയിട്ടുണ്ട്. മാത്രമല്ല, മേയ് മാസത്തിൽ 1,438 രൂപവരെ വില പോയി. പക്ഷേ ഇപ്പോഴും വീണ്ടും കുഞ്ഞ് 1300-ന് താഴെ നിൽക്കുകയാണ്. ഏതായിരുന്നാലും ഒരു കാര്യത്തിൽ അൽപം ആശ്വാസമുള്ളത് കൊപ്രയുടേയും നാളികേരത്തിന്റേയും വില ഒന്ന് സ്റ്റെബിലൈസ് ചെയ്തു വരുന്നുണ്ട്. അത് സ്റ്റെബിലൈസ് ചെയ്യാനാവശ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെ പ്രൈസ് ഫിക്സേഷൻ കമ്മീഷൻ കേരളത്തിലേക്ക് വരുന്നുണ്ട്. അതുസംബന്ധിച്ച് ഒരു ചർച്ചയും നാളെ വച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് ഈ കാര്യത്തിൽ നമുക്ക് ശാശ്വതമായ പരിഹാരമുണ്ടാക്കാൻ സാധിക്കുമെന്നാണ് വിശ്വസിക്കുന്നത്.

റബ്ബറിന്റെ കാര്യം ഞാൻ മുമ്പ് ഒന്നിലധികം പ്രാവശ്യം ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. റബ്ബർ ബോർഡാണ് ഇതിന്റെ കണക്ക് തയ്യാറാക്കുന്നത്. ഇന്നിവിടെയുള്ള ഉൽപ്പാദനവും ആവശ്യകതയും കണക്കിലെടുക്കുമ്പോൾ ഉൽപ്പാദനത്തേക്കാൾ കൂടുതൽ ആവശ്യം വരുന്നുണ്ട്; കൺസ്യൂം ചെയ്യുന്നുണ്ട്. അതിന്റെ ഫലമായിട്ടുണ്ടാകുന്ന ഗ്യാപ് ഫിൽ ചെയ്യേണ്ടതാ ആവശ്യമാണെന്നുള്ളതുകൊണ്ട് ഓരോ വർഷവും അതിന്റെ കണക്കുകൂട്ടി നിശ്ചയിക്കാറുണ്ട്. ഇക്കൊല്ലത്തെ കണക്കനുസരിച്ച് ഏതാണ്ട് 35,000 ടണ്ണിൽ കൂടുതൽ കമ്മിയുണ്ടെന്നാണ് കാണാൻ സാധിച്ചത്. അതുകൊണ്ട് 36,000 ടണ്ണാണ് ഇന്ത്യാ ഗവൺമെന്റ് ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചത്. റബ്ബറിനെ സംബന്ധിച്ചിടത്തോളം ഇറക്കുമതിയല്ല പ്രശ്നം. ഇറക്കുമതി ഏതവസരത്തിൽ ചെയ്യുന്നു എന്നുള്ളതാണ് പ്രശ്നം. പീക്ക് സീസണിൽ ഇറക്കുമതി ചെയ്യുകയാണെങ്കിൽ അതിന്റെ വില കുത്തനെ ഇടിയും. നേരെമറിച്ച് ലീൻ മാസങ്ങളിൽ ചെയ്യുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

വിരോധമില്ലെന്നു കൃഷിക്കാർപോലും സമ്മതിക്കുന്ന കാര്യമാണ്. പക്ഷേ അതിന്റെ വിതരണത്തിലുണ്ടാകുന്ന ബുദ്ധിമുട്ടു കാരണം ഇനിമേലാൽ പീക്ക് സീസണിൽ ഇറക്കുമതി ചെയ്യുന്ന റബ്ബർ വിതരണം ചെയ്യാൻ പാടില്ല എന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അവർ നടപടി സ്വീകരിച്ചു. എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. ജോസഫ് പറഞ്ഞ അത്രയും മോശമായ സ്ഥിതിയില്ല. റബ്ബർ ബോർഡിൽനിന്നും കിട്ടിയ കണക്കനുസരിച്ച് 1985 ജനുവരിയിൽ 1,432.17 രൂപയായിരുന്നു റബ്ബറിന്റെ വിലയെങ്കിൽ 1986-ൽ 1,665 രൂപയാണ്. അവർ തന്നിട്ടുള്ള കണക്കനുസരിച്ച് 1985 മേയ് മാസത്തിൽ 1,643.59 രൂപയായിരുന്നുവെങ്കിൽ 1986-ൽ 1,703.29 രൂപയാണ്. റബ്ബറിനെ സംബന്ധിച്ചിടത്തോളം വില കീഴ്പോട്ടു പോകുന്ന സ്ഥിതി വന്നിട്ടില്ല. എതായിരുന്നാലുംശരി ഈ ഗവൺമെന്റ് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഫലമായി, ഇറക്കുമതി ചെയ്യുന്നുണ്ടെങ്കിൽ പോലും വിതരണം ചെയ്യുന്നതിന്റെ സൗകര്യംകൊണ്ട് നമുക്ക് ഉൽക്കണ്ഠക്ക് കാര്യമില്ല. വെളിച്ചെണ്ണയെ സംബന്ധിച്ചിടത്തോളം ഇറക്കുമതി നിരോധിച്ചത് രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്. ഈ രണ്ടു കാര്യത്തിലും ഗവൺമെന്റ് വളരെയധികം ജാഗ്രതയോടുകൂടി കൃഷിക്കാരന് സംരക്ഷണം നൽകാനാവശ്യമായ നടപടികളും സ്വീകരിച്ചു വരികയാണ്.

ശ്രീ. വി. വി. ജോസഫ്: നമ്മുടെ ഗവൺമെന്റുമായി ആലോചിച്ചിട്ടേ ഇറക്കുമതി ചെയ്ത റബ്ബർ ഇവിടെ കമ്പോളത്തിലിറക്കുകയുള്ളൂ എന്നുള്ള ഒരു ധാരണയുണ്ടായിരുന്നു. അതനുസരിച്ച് ഇപ്പോൾ വിലയിടിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ എസ്. ടി. സി.യുടെ റബ്ബർ കമ്പോളത്തിലിറക്കാതിരിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: റബ്ബർ ബോർഡിന്റെ കണക്കനുസരിച്ച് വില കുറഞ്ഞതായിട്ട് കാണുന്നില്ല. ഏതായാലും പെട്ടെന്ന് അങ്ങനെ കുറഞ്ഞിട്ടുണ്ടെങ്കിൽ ആ കാര്യം ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനേയും റബ്ബർ ബോർഡിനേയും ശ്രദ്ധയിൽ കൊണ്ടുവന്ന് ആവശ്യമായ നടപടി സ്വീകരിക്കാം.

IV. സബ്മിഷൻ

(1) ബോണസ് പ്രശ്നം

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: സർ, കോഴിക്കോട്ടെ പ്രധാനപ്പെട്ട എല്ലാ ടെക്സ്റ്റൈൽ ഫാക്ടറികളിലും ബോണസിനു വേണ്ടിയുള്ള പണിമുടക്ക് നടക്കുകയാണ്. പ്രധാനമായും കോമൺവെൽത്ത് ടെക്സ്റ്റൈൽസിലും കോമൺവെൽത്ത് ടൈൽസിലുമാണ് 3000-ത്തിലധികം തൊഴിലാളികളും ഇന്ന് ബോണസിനുവേണ്ടിയുള്ള സമരം നടത്തുന്നത്. ഏപ്രിൽ മാസം ആദ്യമാണ് സമരം തുടങ്ങിയിട്ടുള്ളത്. ഇന്നുവരെ ഒരു തീരുമാനത്തിലെത്താൻ കഴിഞ്ഞിട്ടില്ല. പഴയ എഗ്രിമെന്റ് പ്രകാരമുള്ള ബോണസ് മാത്രമാണ് അവർ ആവശ്യപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly